# ബേത്‌ലഹേം മുതൽ കാൽവറി വരെ

## (ഒരു പുനർ വായന 1990)


## വർഗീസ് ഏബ്രഹാം ഡെൻവർ


"**പാ**ശ്ചാത്യ ലോകങ്ങൾക്ക് ക്രിസ്തുമസ് എന്നു പറയുന്നത് ഒരു കയ്യിൽ മദ്യവും, മറുകയ്യിൽ മാംസവുമാണെന്ന്" നമുക്കേവർക്കും പ്രിയങ്കരനായ മഹാത്മാഗാന്ധി ഒരിക്കൽ പറയുകയുണ്ടായി.

മനുഷ്യനെ സൃഷ്ടിക്കുകയാൽ ഒരിക്കൽ പരിതപിച്ച ദൈവം തന്റെ ആത്മകസൃഷ്ടി നിത്യനാശത്തിലേക്ക് വഴുതിവീഴുന്നത് കണ്ട് തന്റെ വലിയ മനോമുകുരത്തിൽ വിഭാവനം ചെയ്തതായ ഒരു മഹാസംഭവമാണ് ദൈവം മനുഷ്യനായി ലോകത്തിൽ അവതരിക്കുക എന്നത്.

ക്രിസ്തുവിന്റെ ഈ ലോകത്തിലെ അവതാരം അഭ്യൂഹമല്ല, കാൽപനികമല്ല, പ്രത്യുത ചരിത്രസംഭവമാണ്. അല്ലായെങ്കിൽ എന്തിന് ലോകവ്യാപകാംഗീകൃതമായ ഒരു കലണ്ടർ തന്നെ തന്റെ ജനനത്തെ ആധാരമാക്കി നിർമ്മിച്ചിരിക്കുന്നു.

നിത്യനാശത്തിൽ നിന്നും മനുഷ്യനെ രക്ഷിപ്പാൻ ഒരു മശിഹാ വരുന്നു എന്നു വിശ്വസിച്ച ജനം കണ്ടത് ശിശിരത്തിന്റെ കുളിർകാറ്റിൽ വൈക്കോലുകളുടെ മീതെ ആടുമാടുകളുടെ ഇടയിൽ ജനിച്ച ഒരു ശിശുവിനെയാണ്. എത്രയോ നീചവും, ദുഷ്ക്കരവുമായ ഒരു അന്തരീക്ഷത്തിലാകുന്നു ദൈവപുത്രന്റെ ഇഹലോകത്തിലെ ജനനം.

വിശുദ്ധ ബൈബിളിൽ ഒരു സാന്റാക്ലോസില്ല, ഒരു ക്രിസ്മസ് ട്രീ ഇല്ല, വർണ്ണപകിട്ടാർന്ന റാപ്പറിൽ പൊതിഞ്ഞ സമ്മാനങ്ങളില്ല. ഇതൊക്കെയും ഉപഭോക്തമനസ്സിൽ വാണിജ്യവിപ്ലവക്കാർ ക്രമേണ പാകിയ ചില വിത്തുകൾ മാത്രമാണ്.

ഇന്നു നാം ആചരിക്കുന്ന ക്രിസ്മസ് പണ്ട് വിദ്വാന്മാർ ആഘോഷിച്ച ആ ദിനത്തേക്കാൾ എത്രയോ അകലെ കിടക്കുന്നു. ക്രിസ്മസ് ഇന്ന് വാണിജ്യകേന്ദ്രങ്ങളിലെ ആരവവും, ക്യാഷ് രജിസ്റ്ററുകളുടെ കിലുകിലുക്കവും മാത്രമായിത്തീർന്നിട്ടുണ്ടോ എന്ന് ഇത്തരുണത്തിൽ സന്ദേഹിച്ചു പോകുകയാണ്. Knights of Columbs- ന്റെ ബിൽബോർഡിൽ വർഷങ്ങളായി കണ്ടുവരാറുള്ള ഒരു സന്ദേശമാണ് "Keep Christ in Christmas"എന്നുള്ളത്. ലോകത്തിന് സമാധാനം എന്ന ദിവ്യ സന്ദേശവുമായി വന്ന ആ ദിവ്യന്റെ നാമത്തിൽ എത്രയെത്ര ആചാരങ്ങൾ; അതിന്റെയൊക്കെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് മനുഷ്യൻ കാണിക്കുന്ന വികൃതികൾ... ക്രിസ്തുവിന്റെ സന്ദേശവുമായി ഒരുതരത്തിലും തുലനം ചെയ്യാൻ പാടില്ല.

ഇന്ന് ക്രിസ്മസ് ആചരിക്കുന്ന ഈ സുദിനത്തിൽ ക്രിസ്മസിന്റെ യഥാർത്ഥമായ പശ്ചാത്തലത്തിലേക്ക് വിരൽ ചൂണ്ടുക കൂടെയാണ് ചെയ്യാനാഗ്രഹിക്കുന്നത്.

ദൈവം സ്നേഹമാണെന്നാണല്ലോ ആപ്തവാക്യം. ആ സ്നേഹം ഒരിക്കൽ കൂടെ മനുഷ്യനെ ലളിതമായ ഭാഷയിൽ കാണിച്ചുകൊടുക്കുക, അതല്ലായെങ്കിൽ അദൃശ്യനായ ദൈവത്തെ ദൃഷ്യനാക്കി കാട്ടിയതിന്റെ മകുടോദാഹരണമാണ് തിരുജനനം.

ഈ ദൈവപുത്രനെ അന്ന് ഒരു ഹെരോദാവ് അറിഞ്ഞില്ല, ഒരു പീലാത്തോസ് അറിഞ്ഞില്ല, ഒരു കയ്യാഫാവ് അറിഞ്ഞില്ല, അന്നത്തെ യഹൂദപ്രമാണികൾ ആരും തന്നെയറിഞ്ഞില്ല; പ്രത്യുത ആ കാലിത്തൊഴുത്തിലെ കാലികൾ അറിഞ്ഞു. അങ്ങു കിഴക്കു ദേശത്തുള്ള വിദ്വാന്മാർ അറിഞ്ഞു,

ഒരു നക്ഷത്രം അറിഞ്ഞു, പിന്നീട് നാം വായിക്കുന്നു ഒരു മഗ്ദലനക്കാരത്തി മറിയ അറിഞ്ഞു, കുരിശിൽ കിടന്ന ഒരു കള്ളൻ അറിഞ്ഞുവെന്ന്, ഇന്ന് ക്രിസ്മസ് ആചരിക്കുന്ന കമ്പ്യൂട്ടർ യുഗത്തിൽ ജീവിക്കുന്ന മനുഷ്യൻ അറിയുന്നുവോ ആവോ?

ദൈവപുത്രൻ പുൽക്കൂട്ടിൽ ജനിച്ചപ്പോൾ ആ കാലികൾ സന്തോഷത്താൽ തുള്ളിച്ചാടി, സൂര്യചന്ദ്രാദിതാരാവ്യൂഹങ്ങൾ കണ്ണുകൾ ചിമ്മി, ആകാശവിതാനം നീലിമയാർന്ന വർണ്ണങ്ങലാൽ പീലി വിരിച്ചാടി, ശിശിരത്തിന്റെ കുളിരിൽ കുതിർന്ന ഭൂമി കോരിത്തരിച്ചു, കോൾമയിർ കൊണ്ടു, അങ്ങനെ അമർത്യനായവൻ മർത്യശരീരത്തെ പ്രാപിക്കുന്നു. ഏറ്റവും എളിയവനായി ലോകത്തിൽ അവതരിക്കുന്നു. എളിയവരുടെ കൂടെ സഹവാസം ചെയ്യുന്നു. രോഗിയെ സൗഖ്യമാക്കുന്നു, പശിയേറിയവന് അശനം കൊടുക്കുന്നു, ദാഹിക്കുന്നവന് പാനം ചെയ്യാൻ കൊടുക്കുന്നു, പാപിക്ക് മോചനം കൊടുക്കുന്നു.

ഇന്ന്, ഒരുവൻ ക്രിസ്തുവിനെ നീലക്കണ്ണുള്ളവനും, ചെമ്പൻമുടി വളർത്തിയവനും, കാഷായവസ്ത്രധാരിയും താടി മീശയുള്ളവനും സാന്റൽധാരിയുമായി കാണുമ്പോൾ മറ്റവൻ ക്രിസ്തുവിനെ കറുത്തവനായി ന്യായവാദം നടത്തുന്നു. ഇതെല്ലാം ക്രിസ്തുവിന്റെ നാമത്തിൽ. പാപം ചെയ്തു ദൈവതേജസ്സു നഷ്ടപ്പെട്ട മനുഷ്യൻ ക്രിസ്തുവിനെ അവനവന്റെ യുക്തിക്കൊത്തവണ്ണം നിർവ്വചിക്കുമ്പോൾ അവൻ യഥാർത്ഥത്തിൽ ആരെന്നുള്ള സത്യം മറന്നുപോവുന്നു. ക്രിസ്തുവിന്റെ ദിവ്യത്വത്തെ ചോദ്യം ചെയ്യുന്ന ക്രിസ്തീയ മതപണ്ഡിതന്മാരുടെ വരെ കാലയളവിലാണ് നാമിന്നു ജീവിക്കുന്നത്. ബൈബിൾ വായിച്ചവനെ തടവിലിട്ടും മറ്റും പീഡിപ്പിച്ചിട്ടുള്ള ആദിമ ക്രിസ്തീയ സമുദായങ്ങൾ വരെയുണ്ടെന്നുള്ളത് ചരിത്രം നമുക്കു സാക്ഷി. പ്രചണ്ഡവാദത്താൽ ചൂടുപിടിച്ചിരിക്കുന്ന പണ്ഡിത മസ്തിഷ്കങ്ങൾ തങ്ങളുടെ വാദഗതികൾ സ്ഥിരീകരിക്കാൻ തലമുടിനാര് കീറിമുറിക്കുകയാണിന്ന്.

പശുപാതത്തിലും, തൈത്തരീയ ബ്രാഹ്മണത്തിലും, ശതപഥ ബ്രാഹ്മണത്തിലും, ചാന്ദോഗ്യത്തിലും, ആര്യന്മാരുടെ വേദസാഹിത്യങ്ങളിലുമൊക്കെ പറയുന്ന പ്രജാപതിയും, ഉപനിഷത്തിലെ സത്യവും, കാരണാവസ്ഥയെ തിരിച്ച് ജാഗ്രതാവസ്ഥയെ പ്രാപിച്ച ദിവ്യത്വം നിറഞ്ഞവനായ, യജ്ഞയോഗ്യനായ വിശ്വകർമ്മാവാം ദൈവം, അതായത് ക്രിസ്തുവാണെന്നാണ് ചില വേദശാസ്ത്രചരിത്ര പണ്ഡിതന്മാരുടെ അഭിമതം.

"ആത്മാവാം ഇദമേക ഏവാഗ്ര ആസ്തീ." ആദിയിൽ സൃഷ്ടാവ് അല്ലെങ്കിൽ സൃഷ്ടിച്ചവൻ മാത്രമെ ഉണ്ടായിരുന്നുള്ളു എന്ന് ഐതരേയത്തിൽ പറയുന്നു. ആദിയിൽ ദൈവം...എന്ന് ബൈബിളിൽ ഉല്പത്തിയിലും, ആദിയിൽ വചനമുണ്ടായിരുന്നു; ആ വചനം ദൈവമായിരുന്നു എന്നും വിശുദ്ധ യോഹന്നാന്റെ പുസ്തകത്തിലും പറയുന്നു. ആദിയിൽ ദ്യുലോകമുണ്ടായിരുന്നില്ല, അന്തരീക്ഷമുണ്ടായിരുന്നില്ല; പൃഥ്വിയുമുണ്ടായിരുന്നില്ല; പ്രജാപതി അഥവാ ദൈവം സൃഷ്ടിയെ രചിക്കുന്നു.

"പ്രജാപതി ശ്ചരതി ഗർഭേ"

"അന്തരജായമാനോ ബഹുധാ വിജായതേ." അതായത് സർവ്വാത്മായ പ്രജാപതി ഗർഭത്തിൽ പ്രവേശിച്ച് കാരണരൂപനായി ജന്മം എടുക്കുന്നു എന്ന് യജുർവേദത്തിൽ പറയുന്നു.

"കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും, അവന് ദൈവം നമ്മോടുകൂടെയെന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കപ്പെടും." എന്ന് വിശുദ്ധ മത്തായിയുടെ സുവിശേഷം ഉത്ഘോഷിക്കുന്നു.

"ഞാൻ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്നു."

"എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്‌വാൻ അത്രേ സ്വർഗ്ഗത്തിൽ നിന്നം ഇറങ്ങിവന്നിരിക്കു

ന്നത്" എന്ന് വിശുദ്ധയോഹന്നാന്റെ സൂക്തങ്ങളിൽ കാണുന്നു. ദൈവത്തിന്റെ അവതാരം എന്ന വാക്കിന്റെ അന്വർത്ഥത നാമിവിടെ കാണുന്നു. അങ്ങനെ ലോകം കണ്ട ഏറ്റവും വലിയ അത്ഭുതമാണ് ക്രിസ്തുവിന്റെ അവതാരം.

ക്രിസ്തുവിന്റെ ജനനത്തിൽ ദൈവദൂതന്മാരുടെ വിളംബരത്തിന്റെ ശംഖൊലി സപ്തദീപങ്ങളുടെ കോണുകളിലും മാറ്റൊലി കൊണ്ടു. അങ്ങനെ ക്രിസ്തുയേശുവിനെ കാണാനെത്തിയ വിദ്വാന്മാരിലൊരാൾ വിശ്വാമിത്ര മഹർഷിയാണെന്നു വരെ ചില ഭാരതീയ മതപണ്ഡിതന്മാരുടെ അഭിപ്രായമെന്ന് പണ്ഡിതവരേണ്യനും, ഭാഷാകോവിതനുമായ മഹാകവി കെ. വി. സൈമൺ അവർകളാൽ വിരചിതമായ 'ക്രൈസ്തവ സഭാചരിത്രത്തിൽ' പ്രതിപാദിച്ചിരിക്കുന്നു.

വിശുദ്ധ ബൈബിളിൽ നാം പിന്നീട് വായിക്കുന്നു. മനുഷ്യാവതാരമെടുത്തവൻ, മനുഷ്യന്റെ സമസ്താപരാധങ്ങൾക്കുമായി യാഗാർപ്പിതമാവുന്നു എന്ന്. രാജകിരീടം ധരിക്കേണ്ടവന്റെ ശിരസിൽ സ്വസൃഷ്ടിയായ മനുഷ്യൻ മുൾക്കിരീടം തറച്ചു. ആരും തൊടാൻ അറയ്ക്കുന്ന കുഷ്ഠരോഗിയെ കരംതൊട്ടു സൗഖ്യമാക്കിയ അതേ കൈകളിൽ തന്നെ മനുഷ്യൻ കാരിരുമ്പാണികൾ അടിച്ചു, മനുഷ്യന്റെ സമസ്തപാപങ്ങളും സ്വയം ഹൃദയത്തിൽ പേറിയ അതേ ഹൃദയത്തിൽ മനുഷ്യൻ കുന്തം കൊണ്ട് ആഞ്ഞു കുത്തി. അപ്പോഴും പിതാവേ ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്കകൊണ്ട് ഇവരോടു ക്ഷമിക്കേണമെ എന്ന അഭയയാചന നടത്തിയവൻ, അന്ത്യാഭിലാഷമായ് എനിക്കു ദാഹിക്കുന്നു എന്നു വിലപിച്ചപ്പോൾ, ദാഹിച്ചവന് പച്ചവെള്ളം വീഞ്ഞാക്കി കൊടുത്തവന് മനുഷ്യൻ കൊടുത്തത് പുളിച്ച വീഞ്ഞ്. ആ മനുഷ്യന് രക്ഷയെന്ന അനശ്വരദാനം കൊടുക്കാൻ കാൽവറിയിലെ കുരിശിൽ സ്വയം യാഗമായ് രക്തം ചൊരിഞ്ഞു. ആ രക്തം ആ കുന്നിൻ ചെരുവിൽ നിന്നും സപ്തദ്വീപങ്ങളായ പ്ലക്ഷദ്വീപത്തിലേക്കൊഴുകി..., പുഷ്ക്കരദ്വീപത്തിലേക്കൊഴുകി..., ശാകദ്വീപത്തിലേക്കൊഴുകി..., ക്രൗഞ്ചദ്വീപത്തിലേക്കൊഴുകി..., ശാല്മലദ്വീപത്തിലേക്കൊഴുകി..., കുശദ്വീപത്തിലേക്കൊഴുകി...! അങ്ങനെ ഒഴുകി ഒഴുകി.... സാഗരതിരമാലകളെ വെട്ടിപ്പിളർന്നുകൊണ്ട് ജലനിരപ്പിലൂടെ ഒഴുകി ജംബുദ്വീപത്തിന്റെ പശ്ചിമപാർശ്വങ്ങളിലൊന്നായ പഞ്ചദ്രാവിഡങ്ങളിലൂടെ ഒഴുകി. അവിടെ നിന്നും പൊട്ടിത്തെറിച്ച് ശാഖകളും ഉപശാഖകളുമായി ഒരു കാലത്ത്, അതായത് ക്രിസ്തുവിനു മുമ്പും സംസ്ക്കാരത്തിന്റെ അത്യുച്ചകോടിയിൽ വിലസിയിരുന്ന, ചീനന്മാരുടെയും ശകന്മാരുടെയും, യവനന്മാരുടെയും, യൂദന്മാരുടെയും വ്യവഹാര വ്യവസായസ്ഥാനമായിരുന്ന; ഒരു കാലത്ത്, ശാലോമോൻ രാജാവിന്റെ അരമനയിലേക്ക് സുഗന്ധദ്രവ്യങ്ങളും, ദന്തശില്പങ്ങളും, ചന്ദനവും, മയൂരത്തേയും കയറ്റുമതി ചെയ്തിരുന്നു എന്നും ചരിത്രലിഖിതമായ, ഒരുകാലത്ത് ക്രിസ്തുയേശു സംസാരിച്ചിരുന്ന ഭാഷ, മദ്ധ്യപൂർവ്വേഷ്യയിൽ കൂടാതെ മറ്റെങ്ങും സംസാരിക്കാതിരുന്ന സമയത്ത് മറ്റൊരു ജനവിഭാഗം മാത്രം സംസാരിച്ചിരുന്നു എന്നും ചരിത്രലിഖിമായ കേരളക്കരയിലേക്കും ഒഴുകി. തനി മലയാളഭാഷയിൽ പറഞ്ഞാൽ ക്രിസ്തുവിന്റെ പ്രേഷിതാചാര്യനും ദൈവനിയുക്തനുമായ വിശുദ്ധ തോമാശ്ലീഹാ തന്റെ കൈക്കുമ്പിളിൽ കൊണ്ടുവന്നു. ആ പുണ്യാഹരക്തം കേരളക്കരയിലും തളിച്ചു. അങ്ങനെ ആ രക്ഷയുടെ സന്ദേശം മലയാള മണ്ണിന്റെ വ്യോമമണ്ഡലങ്ങളിലെല്ലാം അലയടിച്ചു. അങ്ങനെ ദൈവം തന്നതായ ആ അക്ഷയദാനം, അതായത് ക്രിസ്തു എന്ന ക്രിസ്മസ് സമ്മാനം- ക്രിസ്തുവിന്റെ സ്നേഹസന്ദേശം ഹൃദയങ്ങളിലേക്ക് ആവാഹിക്കുന്നു എങ്കിൽ ഇന്ന് ക്രിസ്മസ് കൊണ്ടാടുന്നത് അക്ഷരാർത്ഥത്തിൽ അർത്ഥവത്താകുകയാണ്. അതോ പാശ്ചാത്യ സംസ്ക്കാരത്തിൽ വസിക്കുന്ന -ക്രിസ്മസ് കൊണ്ടാടുന്ന മലയാളികൾ പണ്ട് മഹാത്മാഗാന്ധി ചോദിച്ചതുപോലെ ഒരു കയ്യിൽ മദ്യവും, മറുകയ്യിൽ മാംസവുമായാണോ കൊണ്ടാടുന്നത്...?

**************